“മഴമിഴി”

## ഭിന്നശേഷിക്കാർക്കായി നവമാധ്യമ കലാസംഗമം”

കോവിഡ് പ്രതിസന്ധിയുടെ കാലത്ത് കലാസമൂഹത്തിന് നവമാധ്യമങ്ങളിലൂടെ വേദിയൊരുക്കുന്നതിനും,സാമ്പത്തീക സഹായം ലഭ്യമാക്കുന്നതിനുമായി കോവിഡ്ലോക്ക് ഡൗൺ അനുബന്ധ സമാശ്വാസ പദ്ധതി “മഴമിഴി നവമാധ്യമ കലാസംഗമം” എന്ന ശീർഷകത്തിൽ 2021 ഓഗസ്റ്റ് 1 മുതൽ സെപ്റ്റംമ്പർ 15 വരെ നീണ്ടുനില്ക്കുന്ന സാംസ്ക്കാരിക കലോൽസവം കേരള സർക്കാർ സാംസ്ക്കാരിക വകുപ്പിനു കീഴിലുള്ള ഭാരത് ഭവൻ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

ഭിന്നശേഷിക്കാരുൾപ്പെടെയുള്ള 350 കലാസംഘങ്ങളെ ഉൾപ്പെടുത്തി 3500 ൽ പരം കലാപ്രവർത്തകർക്ക് ധനസഹായവും, സർഗ്ഗ പ്രകാശനങ്ങൾക്കുമുള്ള നവമാധ്യമ വേദിയും ഒരുക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. പ്രസ്തുത പരിപാടിയിൽ ഭിന്നശേഷിക്കരായവരുടെ 10 കലാസംഘങ്ങൾക്ക് അവസരം ലഭിക്കുന്നതാണ്. താല്പര്യമുള്ള ഭിന്നശേഷിക്കാരായവരുടെ കലാസംഘങ്ങൾ കേരള സംസ്ഥാന വികലാംഗ ക്ഷേമകോർപ്പറേഷനിൽ 29-07-2021 ന് വൈകുന്നേരം 5 ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. അപേക്ഷ ഫോറം കോർപ്പറേഷന്റെ **www.hpwc.kerala.gov.in** വെബ്സൈറ്റിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ **src.kshpwc@kerala.gov.in** എന്ന മെയിൽ വിലാസത്തിലേയ്ക്ക് അയക്കേണ്ടതാണ്. ഓരോ കലാസംഘത്തിലും 10 ഭിന്നശേഷിക്കാരായ അംഗങ്ങൾ ഉണ്ടായിരിക്കണം, അവതരിപ്പിക്കുന്ന കലാരൂപങ്ങൾക്ക് 10 മിനിറ്റ് ദൈർഘ്യമുള്ളതായിരിക്കണം. അവതരിപ്പിക്കുന്ന കലാരൂപങ്ങൾ ഭാരത് ഭവൻ നേരിട്ട് അതാത് ജില്ലകളിൽ നിശ്ചയിക്കുന്ന സ്ഥലത്ത് എത്തി ഷൂട്ട് ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **8606918240, 8086729871** എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

മാനേജിംഗ് ഡയറക്ടർ

## കേരള സംസ്ഥാന വികലാംഗ ക്ഷേമകോർപ്പറേഷൻ

# "മഴമിഴി"

**കേരള സർക്കാർ ഭാരത് ഭവൻ സംഘടിപ്പിക്കുന്ന നവമാധ്യമ കലാസംഗമം**

**ഭിന്നശേഷി കലാ സംഘങ്ങൾക്കുള്ള രജിസ്ട്രേഷൻ ഫോറം**

| | |
|---|---|
| കലാസംഘത്തിന്റെ പേര് | |
| മേൽവിലാസം | |
| ഫോൺനമ്പർ | |
| കലാരൂപത്തിന്റെ പേര് | |
| ജില്ല | |
| ലൊക്കേഷൻ | |
| കലാസംഘം സെക്രട്ടറിയുടെയോ/പ്രസിഡന്റെയോ പേരും മേൽവിലാസവും, ഫോൺ നമ്പറും | |